(സി) ഏതെല്ലാം ഹെഡ്ഡുകളിൽ എത്ര തുകയുണ്ടെന്നും ഇതിനായി കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാണെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) അക്കാഡമിയുടെ കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കി, പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ;

(ഇ) പദ്ധതിയ്ക്ക് മൊത്തം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ?

ഉത്തരം

(എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിന് 9.02 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ സിവിൽ കൺസ്ട്രക്ഷൻ, എഞ്ചിനീയറിംഗ് വർക്കുകളും അനുബന്ധ പ്രവർത്തനങ്ങളും ചെയ്യുവാൻ കോഴിക്കോട്ടുള്ള ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി (ULCCS) എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ബി&സി) കൺസ്ട്രക്ഷൻ മേഖലയിൽ ഉന്നത തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുന്നതിനായി, പുതിയ സാങ്കേതിക വിദ്യയിലൂടെയും, ടെക്നോളജിയിലൂടെയും തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടിയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) എന്ന നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നത്, IIIC-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 54 കോടി രൂപ വകമാറ്റിയിട്ടുള്ളത്.

(ഡി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC)-ന്റെ കെട്ടിട നിർമ്മാണം 2016 മാർച്ചിൽ പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC)-ന് മൊത്തം 54 കോടി രൂപയുടെ ചെലവു പ്രതീക്ഷിക്കുന്നു.

കേരള ടെക്നോളജി ഇന്നൊവേഷൻ സോൺ

260 (609) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നൊവേഷൻ സോണിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഐ.ടി. വകുപ്പിന്റെ കീഴിൽ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്ററിന്റെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ടെക്നോളജി ഇന്നവേഷൻ സോണിനു രൂപം നൽകുന്നത്. പുതിയ ഇൻക്യൂബേറ്ററുകൾ സ്ഥാപിക്കുക അതിലൂടെ ഐ.ടി.-ഐ.ടി. ഇതര മേഖലകളിൽ സ്വകാര്യ കമ്പനികളെ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശലക്ഷ്യം.

(ബി) കൊച്ചിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ഇന്നൊവേഷൻ സോണിനായി 1.25 ലക്ഷം സ്ക്വയർ ഫീറ്റിൽ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കെട്ടിടം പകുതിയോളം പൂർത്തിയായിക്കഴിഞ്ഞു.

(സി) മേൽപ്പറഞ്ഞ പരിപാടികളെല്ലാം തന്നെ ടെക്നോപാർക്ക് ടി.ബി.ഐ.-യുടെ നേതൃത്വത്തിലാണ് നടന്നു വരുന്നത്.

സഹകരണ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ

261 (610) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പത്ത് കശുവണ്ടി ഫാക്ടറികൾ പഴയ ഉടമകൾക്ക് വിട്ടുകൊടുക്കാൻ സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ടോ ; ഇവ സഹകരണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കേസുകൾ നടത്തുന്ന കാര്യത്തിലുണ്ടായ അലംഭാവമാണ് ഇത്തരത്തിൽ ഒരു വിധി ഉണ്ടാകാൻ കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly